**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 149** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>രാസവള വില വർദ്ധനവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നീലകണ്ഠൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര സർക്കാർ രാസവളത്തിന്റെ വില വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തെ കൃഷിക്കാർ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാർ ആണ്. യൂറിയയുടെ വില പൂർണമായും നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. മറ്റു രാസവളങ്ങളുടെ വില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരിന്റെ മേൽനോട്ടത്തിൽ അതാത് വളം വിതരണ കമ്പനികളാണ്. കമ്പനികൾ അസംസ്കൃത വസ്തുക്കളുടെ വില, കയറ്റിറക്ക് കൂലി, ചരക്ക് കൂലി എന്നിവയുടെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കുന്നു. കഴിഞ്ഞ വർഷത്തെ വിലയും നിലവിലെ വിലയും താരതമ്യം ചെയ്യുമ്പോൾ യൂറിയ, ഡി എ പി, രാജ്ഫോസ് എന്നിവയുടെ വില കൂടിയിട്ടില്ല. എന്നാൽ എം ഒ പി, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, അമോണിയം സൾഫേറ്റ്, 10:26:26 (എൻ പി കെ), 16:16:16 (എൻ പി കെ), ഫാക്ടംഫോസ് എന്നിവയുടെ വില വർദ്ധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ബി)** പ്രസ്തുത പ്രതിസന്ധിയിൽ നിന്നും കർഷകരെ സഹായിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കർഷകരെ സഹായിക്കുവാൻ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ മുഖേനയും ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും രാസവളങ്ങൾക്ക്, സർക്കാർ സബ്സിഡി നൽകി വരുന്നു. കേന്ദ്ര സർക്കാരുമായും വളം വിതരണ കമ്പനികളുമായും യഥാസമയം ബന്ധപ്പെട്ട് വളം ലഭ്യത ഉറപ്പാക്കുന്നു. സംയോജിത വളപ്രയോഗം മുഖേന വളങ്ങൾ കൃത്യമായ തോതിലും സന്തുലിതമായും ഉപയോഗിക്കുക, സോയിൽ ഹെൽത്ത് കാർഡിന്റെ അടിസ്ഥാനത്തിൽ അതാതു കൃഷിക്ക് ആവശ്യമായ തോതിൽ മാത്രം വളങ്ങളുടെ ഉപയോഗം, ജീവാണുവളം, ജൈവവളം, പച്ചിലവളം എന്നിവയുടെ ഉപയോഗം, നാനോ വളങ്ങളുടെ ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക, കൂടാതെ ജൈവ കൃഷി, പ്രകൃതികൃഷി മുതലായ സുസ്ഥിര കാർഷിക രീതികൾ അവലംബിച്ച് പുറത്ത് നിന്നും വാങ്ങി ഉപയോഗിക്കേണ്ട ഉത്പാദനോപാധികൾ കുറച്ചുകൊണ്ട് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും നിലനിർത്താനും, "ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും" എന്ന പദ്ധതി വഴിയും ഭാരതീയ പ്രകൃതി കൃഷി പദ്ധതി (BPKP), നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) എന്നീ പദ്ധതികൾ വഴിയും കർഷകരെ പ്രാപ്തരാക്കി വരുന്നു. വിവിധ തലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുവാൻ ആലോചിച്ചിട്ടുണ്ട്. ഇതിനകം

സംഘടിപ്പിച്ച കൂട്ടായ്മകളിലൊക്കെയും സന്തുലിതമായ വളപ്രയോഗത്തിന്റെ പ്രാധാന്യത്തെപ്പറ്റി ചർച്ചകൾ സംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| വളം വിലവിവരപ്പട്ടിക (ഏപ്രിൽ 2018 - ജൂൺ 2026) | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | വളം | ഏപ്രിൽ 2018 എംആർപി (രൂപ) | മെയ് 2019 എംആർപി (രൂപ) | നവംബർ 2020 എംആർ പി (രൂപ) | ജൂലൈ 2021 എംആർപി (രൂപ ) | നവംബർ 2022 എംആർ പി (രൂപ) | നവംബർ 2023 എംആർ പി (രൂപ) | ജൂൺ 2024 എം ആർ പി (രൂപ ) | ഫെബ്രുവരി 2025 എംആർപി (രൂപ) | നവംബർ 2025 എം ആർ പി (രൂപ) | ജൂൺ 2026 എം ആർ പി (രൂപ) | % വർദ്ധനവ് (2025 അടിസ്ഥാനത്തിൽ) |
| 1 | യൂറിയ (45 Kg Bag) | 266.5 | 266.5 | 266.5 | 266.5 | 266.5 | 266.5 | 266.5 | 266.5 | 266.5 | 266.5 | 0 |
| 2 | ഡി എ പി (50Kg Bag) | 1275.5 | 1450 | 1200 | 1200 | 1350 | 1350 | 1350 | 1350 | 1350 | 1350 | 0 |
| 3 | എസ് എസ് പി (50Kg Bag) | 378 | 420 | 437 | 412 | 532 | 652 | 640 | 700 | SPIC-700, CPFL-600 | GFL-775, CPFL-800 | 12.5 |
| 4 | അമോണിയം സൾഫേറ്റ് (50Kg Bag) | 675.5 | 675.5 | 660 | 850 | 1000 | 1000 | 1000 | 1000 | 1000 | FACT-1400, CPFL-1450 | 42.5 |
| 5 | എം ഒ പി (50Kg Bag) | 670 | 950 | 875 | 1000 | 1700 | 1700 | 1700 | 1550 | 1800 | IPL-1975, PPL-2200, MOSAIC-2150, CPFL-2250 | 38.3 |
| 6 | 10:26:26 (എൻ പി കെ) (50Kg Bag) | 1135 | 1365 | 1175 | 1175 | 1470 | 1470 | 1470 | 1470 | 1470 | 1900 | 29.25 |
| 7 | ഫാക്ടംഫോസ് (50Kg Bag) | 940 | 1100 | 1000 | 1250 | 1390 | 1225 | 1225 | 1300 | 1475 | 2100 | 61.53 |
| 8 | 16:16:16 (എൻ പി കെ) (50Kg Bag) | 940 | 1085 | 1050 | 1210 | 1475 | 1400 | 1400 | 1450 | 1750 | 2250 | 55.17 |
| 9 | രാജ്ഫോസ് (50Kg Bag) | 415 | 415 | 415 | 415 | 750 | 750 | 750 | 750 | 750 | 750 | 0 |